## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6530 — 09.07.2014 ൽ മറുപടിയ്ക്ക്

# ഓൺലൈൻ കൺസെന്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഓൺലൈൻ കൺസെന്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. ഓൺലൈൻ കൺസെന്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് സംവിധാനത്തിലൂടെ മലിനീകരണ നിയന്ത്രണ ബോർഡിലേക്ക് അനുമതിക്കുള്ള അപേക്ഷ ഓൺലൈനായി നൽകാവുന്നതാണ്. ജൂൺ 15 മുതൽ പ്രസ്തുത സംവിധാനം വഴി ബോർഡ് അനുമതി അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. |
| (ബി) | ഈ സംവിധാനത്തിന്റെ പ്രവർത്തനങ്ങളും സവിശേഷ കതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ ; | (ബി) | പ്രസ്തുത സംവിധാനത്തിലൂടെ അപേക്ഷകന് നേരിട്ട് ബോർഡിലേക്ക് അനുമതി അപേക്ഷകൾ സമർപ്പിക്കാവുന്നതും അതിന്റെ പ്രോസസിംഗിന്റെ പുരോഗതി ഓൺലൈൻ വഴി മനസ്സിലാക്കാവുന്നതുമാണ്. |
| (സി) | മലിനീകരണ നിയന്ത്രണരംഗം എത്രമാത്രം ശക്തിപ്പെടുത്താനാണ് പ്രസ്തുത സംവിധാനം വഴി ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) | ബോർഡിന്റെ കൺസെന്റ് മാനേജ്മെന്റ് കൂടുതൽ കാര്യക്ഷമവും സുതാര്യവും ആക്കുന്നതിന് ടി സംവിധാനം ഉപകരിക്കും. കൂടാതെ അപേക്ഷകളിൻ മേലുള്ള അധിക വിവരങ്ങൾ |

തപാൽ മുഖേന അല്ലാതെ ഓൺലൈനായി ചോദിക്കുവാനും ആയതിന്റെ മറുപടി ഓൺലൈനായിതന്നെ അപേക്ഷകന് ബോർഡിൽ ലഭ്യമാക്കുവാനും വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അനുമതി അപേക്ഷകളിൻമേൽ വേഗത്തിൽ തീർപ്പ് കല്പിക്കാൻ സാധിക്കും.

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനത്തിന് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) ബോർഡിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത്. ഇതിലേക്ക് കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായം മാത്രമാണ് ലഭ്യമാക്കിയി.ട്ടുള്ളത്.

സെക്ഷൻ ഓഫീസർ